# ഇമേജ്

## ലിറ്റിൽ കൈറ്റ്സ് 2019-21

ഇ-മാഗസിൻ




**ഷേണായ് സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂൾ പയ്യന്നൂർ**

**കണ്ടങ്കാളി**

# ലിറ്റിൽ കൈറ്റ്സ് 2019-21

## <u>എസ്.എസ്.ജി.എച്ച്.എസ്.എസ് പയ്യന്നൂർ</u>

### പത്രാധിപ സമിതി

*ചീഫ് എഡിറ്റർ : ശ്രീ അംഗജൻ സി കെ*

*(പ്രധാനാധ്യാപകൻ)*

*സ്റ്റാഫ് എഡിറ്റർ : ശ്രീമതി ഫായിസാബി ടി പി*

*സ്റ്റുഡന്റ് എഡിറ്റർ : അഭിനവ് രമേശൻ*

### പത്രാധിപ സമിതി അംഗങ്ങൾ

*ശ്രീമതി ജയശ്രീ എം വി , ശ്രീമതി ലേഖ കെ*

*(കൈറ്റ് മിസ്ട്രസ്)*

*അഭിനവ് രമേശൻ , അഭിനന്ദ് കെ വി ,*

*അഭിഷേക് വൈഭവ് എം , ആദിത്യൻ കെ പി ,*

*ആദിത്യൻ പി പി , ആദിത്യൻ ടി വി ,*

*ജിഷ്ണുരാജ് പി വി , നീരജ് എ ,*

*പ്രിൻസ് പി ജോർജ്,വിഷ്ണുപ്രസാദ് പി ,*

*റോബിൻ ജോസ്,ആർഷിത മണി പി പി ,*

*ആതിര ജഗദീഷ് കുമാർ , ചിൻമയ രാജീവൻ,*

*ഗ്രീഷ്മ കെ , നിരഞ്ജന കെ വി ,*

*സബ് ദി സിസിലിയ , ശിതൾ സുധീർ ,*

*തീർഥ സതീഷ് , വൈശ്വീകൃഷ്ണ പി വി.*

# ആശംസ



പ്രധാനാധ്യാപകൻ

## *ശ്രീ അംഗജൻ സി കെ*

ഈ വർഷത്തെ

ഇ-മാഗസിൻ

തയ്യാറാക്കിയ കുട്ടികൾക്കും

സഹായിച്ച അദ്ധ്യാപകർക്കും

അഭിനന്ദനങ്ങൾ

# കുട്ടികളുടെ രചനകൾ

# ഇനി എന്ത് ചെയ്യും നാം?

കലുഷിതമായ ഒരു പ്രഭാതം,സദാനന്ദൻ ഒരു പാവം സർക്കാർ ഉദ്യോഗസ്ഥ നാണ്. സർക്കാർ ഉദ്യോഗസ്ഥനാണെങ്കിലും തുച്ഛമായ വരുമാനമുള്ള ആളായിരുന്നു. സദാനന്ദൻ തന്റെ സമ്പാദ്യമൊക്കെ ചേർത്തു വച്ചു വാങ്ങിയ തന്റെ ഫ്ലാറ്റിൽ നിന്നും ജോലിക്കായി പോകാൻ ഒരുങ്ങി. ഭാര്യ പൂർണ്ണിമ അയാളെ യാത്രയാക്കി.

തിരക്കുള്ള റോഡരികിൽ നിന്ന് അയാൾ ഒരു ഓട്ടോയ്ക്ക് കൈ കാണിച്ചു. സദാനന്ദൻ സർക്കാറിന്റെ ലോട്ടറിഏജൻസിയുടെ ഓഫിസിലെ ക്ലർക്കാണ്. കഷ്ടിച്ച് അരമണിക്കൂറെങ്കിലും എടുക്കും ഓഫിസിൽ എത്താൻ. അയാൾ ഓട്ടോയിൽ ഇരുന്ന് മയങ്ങി പോയി. പെട്ടെന്ന് അദ്ദേഹത്തിന്റെ മനസ്സിലെക്ക് ഒരു ദുസ്വപ്നം കടന്നുവന്നു തന്റെ ജീവിതത്തിൽ ഏറ്റവും വലിയ സമ്പാദ്യമായ ഫ്ലാറ്റ് നഷ്ടപ്പെടുന്നു!

ഒരു ലോറിയുടെ ഹോണടിശബ്ദം കേട്ടപ്പോൾ അയാൾ ഞെട്ടിയെണീറ്റു. അപ്പോഴേക്കും അയാളുടെ ജോലിസ്ഥലം എത്തിയിരുന്നു.

വൈകുന്നേരമായി; അയാൾ ജോലി കഴിഞ്ഞ്ഫ്ലാറ്റിലേക്ക് എത്തിയപ്പോൾ വാതിൽ തുറന്ന പൂർണിമയ്ക്ക് അയാളുടെ മുഖത്ത് ഒരു അസ്വാഭാവികത അനുഭവപ്പെട്ടു. അതുകൊണ്ട് അവൾ അദ്ദേഹത്തിനോട് സങ്കടം വരത്തക്കവിധത്തിലുള്ള ഒരു കാര്യവും പറഞ്ഞില്ല. ആ രാത്രി അങ്ങനെ കടന്നുപോയി.

നേരം പുലർന്നു, സദാനന്ദൻ തന്റെ പ്രഭാത കൃത്യങ്ങളും മറ്റും ചെയ്ത് ടി വി തുറന്നപ്പോൾ ബ്രേക്കിംഗ് ന്യൂസ് കണ്ട് ഇടി വെട്ടേറ്റപോലെ നിലത്തുവീണു. ഇത് കണ്ട പൂർണിമ കുറച്ചു വെള്ളം കുടഞ്ഞ് അയാളെ സ്വബോധത്തിലേക്ക് തിരിച്ച് കൊണ്ടുവരാൻ സഹായിച്ചു. ആ ഞെട്ടിക്കുന്ന വാർത്ത കേൾക്കാത്ത പൂർണിമയ്ക്ക് എന്താണ് ഉണ്ടായത് എന്നറിയാൻ വളരെയധികം ജിജ്ഞാസ ഉണ്ടായിരുന്നു.
അവൾ ചോദിച്ചു; "എന്താ സദാനന്ദേട്ടാ പറ്റിയത്?"
ഒരു അടി കിട്ടി എണീറ്റ സദാനന്ദൻ പ്രിയ പത്നിയായ പൂർണിമയോട് ചോദിച്ചു എന്താ നീ ചോദിച്ചെ?
പൂർണിമ തന്റെ ചോദ്യം ആവർത്തിച്ചു; സദാനന്ദൻ വിഷണ്ണനായി പറഞ്ഞു; നമ്മുടെ ഫ്ലാറ്റുള്ള ഈ കെട്ടിടം മുഴുവൻ പൊളിക്കാൻ സർക്കാർ ഉത്തരവ് വന്നിട്ടുണ്ട്. ഇതു കേട്ട പൂർണ്ണിമ സ്തംഭിച്ചുപോയി. ഇതേപ്പറ്റി അന്വേഷിക്കാനായി സദാനന്ദൻ താഴേക്ക് ഓടി. ഇത് കണ്ട പൂർണ്ണിമയും സദാനന്ദന്റെ പുറകിലൂടെ കെട്ടിടത്തിന്റെ ഓഫീസ് ലക്ഷ്യമാക്കി ഓടി. ഇരുവരും ഓഫീസിന് മുന്നിലെ ജനത്തിരക്ക് കണ്ട് സ്തംഭിച്ചുപോയി. അവിടെ കൂടിനിന്ന ആളുകളുടെ മനസ്സിൽ ഒരേ സമയം ഇനിയെന്താകും എന്ന ആലോചനകൾ തിരയടിക്കുന്നത് പോലെ തോന്നി. സ്വപ്നം ഫലിക്കുമോ !!!!!!

# മറക്കാൻ പറ്റാത്ത ഓർമ്മകൾ

കളകളമൊഴുകുന്ന തോട്ടിലൂടെ നടന്നു നീങ്ങുകയായിരുന്നു ഞാൻ. ഇടക്കൊരു തട്ടൽ, വലിയ വലിയ മീനുകൾ കാലിൽ കൊത്തി നീങ്ങുകയാണ്. പെട്ടെന്ന് ഒരു പിൻവിളി. 'കമലാക്ഷാ നീ എവിടെ..' അയൽക്കാരിയായ മാധവിയായിരുന്നു അത്. സങ്കടം മനസ്സിലടക്കി എനിക്ക് പറയാതിരിക്കാൻ വയ്യാതെ പറഞ്ഞു; എത്ര കാലമായി വാടക വീട്ടിൽ തന്നെ കഴിയുന്നത്. ഈ കുഗ്രാമത്തിൽ ജീവിക്കുന്നതിനാൽ ആരും വരാറുമില്ല ആരെയെും കാണാറുമില്ല.

'അങ്ങ് നഗത്തിലൊരു ഫ്ലാറ്റിൽ പുഴക്കരയിൽ ഒഴിവുണ്ടെന്ന് കേട്ടു അവിടെക്കാ.....'

മാധവിയുടെ പുച്ഛഭാവം മനസ്സിലായെന്നു നടിക്കാതെ ആ തോട്ടിലൂടെ ഞാൻ നടന്നു നീങ്ങി. ഇടയ്ക്കൊരു ഫോൺവിളി. ആരായിരിക്കുമെന്നറിയാതെ ഈ സമയത്ത് ഫോണെടുത്തു നോക്കുമ്പോൾ  ഭാര്യ കോമളമായിരുന്നു.

ഫോണെടുത്ത് ചെവിയിൽ വച്ചതും അവൾ വച്ച നാവ് പുറകോട്ടെടുക്കാതെ ഒരേ പറയൽ.

"നിങ്ങളിതെങ്ങോട്ടാ പോയത്", എപ്പോഴാ വരികാ, പോകുമ്പോഴൊന്ന് പറഞ്ഞിട്ട് പോയിക്കൂടേ" ഇത് ഒരേ സ്വരത്തിൽ ആവർത്തിക്കുന്നത് കേട്ട് ഞാൻ മറുപടി പറയാതെ ഫോൺ കട്ട് ചെയ്തു.

നടന്നു നടന്ന് ഞാൻ ആ നഗരത്തിലെ പുഴയോരത്തെ ഫ്ലാറ്റിലെത്തി. ചങ്കുമടക്കി മുകളിലേക്ക് പിടിച്ചാൽ പോലും അറ്റം കണ്ടുപിടിക്കാൻ കഴിയാത്തത്ര വലുപ്പവും ഉയരവുമുള്ള ഫ്ലാറ്റ്.

ഫ്ലാറ്റുടമയായ വിനോദേട്ടനെ കണ്ട് കാര്യം മുമ്പേ പറഞ്ഞതായിരുന്നു. വരാനുള്ള സമയം ചോദിക്കാമെന്ന്  വിചാരിച്ചുള്ള വരവിന് ഉത്തരം തരണമേ എന്നു മാത്രമേ പ്രതീക്ഷയുള്ളൂ.

വിനോദേട്ടനെ കണ്ട് ചോദിച്ചതും, മറുപടി കേട്ട് ഞാൻ ഞെട്ടിപ്പോയി. നാളെത്തന്നെ വന്നോളൂ എന്ന്.

"ഒഴിവുണ്ട് അതോണ്ടാ നാളെ തന്നെ വരാൻ പറഞ്ഞേ......" ഇനി ഇവിടുന്ന് നേരെ വാടക വീടിന്റെ ഉടമയുടെ വീട്ടിലേക്ക് പോകാമെന്ന് വിചാരിച്ച് കാലെടുത്ത് മുമ്പോട്ട് വച്ചതും അവളുടെ വിളി.

"ഹലോ....അച്ഛാ ഞാൻ ടിന്റുവാ...എനിക്ക് വിശക്കുന്നു, വരുമ്പോൾ എന്തെങ്കിലും തിന്നാൻ  വാങ്ങ്വോ?

നോക്കാമെന്നു മാത്രം മറുപടി പറഞ്ഞത് അവനെ വിഷമത്തിലാഴ്ത്തി എന്ന്എനിക്കു മനസ്സിലായി. അത് ശ്രദ്ധിക്കാതെ ഞാൻ ബസ്സുകയറി. അങ്ങ് ദൂരെ താമസിക്കുന്ന വാടകവീടിൻെറ  ഉടമയുടെ വീട്ടിലെത്തി. അവിടെയാണെങ്കിൽ അയാളുടെ അമ്മ

മരിച്ചിട്ട് 41 തികയുന്ന ദിവസം. അതിനാൽ കുറേ പേർ ഉണ്ടായിരുന്നു.

അതിനിടയിൽ എൻെറ ഈ വീടിൻെറ കാര്യം.

ഇന്നുപറഞ്ഞില്ലെങ്കിൽ നാളെ പോകാൻ പറ്റില്ല അതുകൊണ്ട് ഇന്നുതന്നെ പറയണം.

ഉള്ളിൽ വിഷമമുണ്ടെങ്കിലും അയാൾ അത് കാണിക്കുന്നില്ല എന്ന് എനിക്ക് തോന്നി.

ഒന്നും നോക്കാതെ അയാളുടെ മുന്നിൽ പോയി നിന്ന് അമ്മയുടെ കാര്യം ചോദിച്ചു

കൊണ്ട് ഞാൻ വീടിന്റെ കാര്യത്തെപ്പറ്റി പറയാൻ തുടങ്ങി.

"ഇത് എത്ര സെന്റാ?"

"22 സെന്റ്"

"എന്റെ വീടിന്റെ അതിന്റെ ഇരട്ടിയുണ്ടല്ലാ..."

"ആ"

"ഞാൻ നാളെ ഫ്ലാറ്റിലേക്ക് താമസം മാറുകയാണ് ഒന്നും വിചാരിക്കില്ലല്ലോ"

"ഓ അതെന്താ ഇപ്പോഴൊരു മനംമാറ്റം"

തുറന്നവായിൽ ഞാൻ പറഞ്ഞു "ഒന്നല്ല അവിടേക്ക് ബന്ധുകൾക്കും സുഹൃത്തുകൾ

ക്കുമൊക്കെ വരാൻ പറ്റുന്നില്ല. വണ്ടികളൊന്നും ഓടുന്നില്ലല്ലോ"

"അതുസാരമില്ല വാതില്ല ചാരി മുന്നിൽ വീട്ടിൽ താക്കോല്ല കൊടുത്താമതി"

അയാൾ മറുപടി പറഞ്ഞു."ഇതാ വാടകാ" കീശയിൽ കൈയിട്ട് എടുത്തുകൊടുത്തു

"ആ ശരി" അയാൾ നല്ല മനസ്സോടെ അത് സ്വീകരിച്ചു.

ഞാൻ തിരികെ വന്ന് ബേക്കറിയിൽ നിന്നും സാധനങ്ങളും കടയിൽ നിന്ന്

പച്ചക്കറിയും വാങ്ങാൻ നിൽക്കെ ഒരു കടയും തുറന്നില്ലെന്നു കണ്ടു. കാരണം ഇന്ന്

ഞായറാഴ്ച്ചയായിരുന്നു.

ഞാൻ വീട്ടിലെത്തി കാലുകഴുകി പാദരക്ഷ ഊരിയതും ടിന്റു ഓടിവന്നു.

ഞാറാഴ്ചയായത് കൊണ്ട് കടയൊന്നും തുറന്നില്ല എന്ന് അവനെ പറഞ്ഞ്

മനസ്സിലാക്കി. അവൻ കരഞ്ഞുകൊണ്ട് ഉള്ളിലേക്കോടി. മറ്റേത് തൊട്ടിലിലായത്

എന്റെ ഭാഗ്യം അല്ലെങ്കിൽ അവളേയും ഞാൻ സഹിക്കേണ്ടി വരുമായിരുന്നു എന്ന്

ഞാൻ സ്വയം പറഞ്ഞു. പോയ കാര്യം മുഴുവൻ കോമളത്തോട് പറഞ്ഞു കിടന്നു.

രാവിലെയായി കണ്ണുതുറന്ന് പ്രഭാതത്തെ സ്വീകരിച്ചു . രാവിലെ തന്നെ

അവളെഴുന്നേറ്റു ചായയും കടിയുമായി ഷർട്ടും അവളുടെ സാരിയുമൊക്കെ തേച്ച്

റെഡിയാക്കിയിരുന്നു. വല്ലാത്ത ചൂടായിരുന്നതിനാൽ ഫാനിടാനായി പോയപ്പോ

കറന്റുമില്ല. രാവിലെ തന്നെ ഞാനും അവളും പിള്ളേരെയും കൂട്ടി ഇറങ്ങി. താക്കോലും

കൊടുത്ത് നടന്നു. ഫ്ലാറ്റിന്റെ അടുത്തെത്തി. അവിടെയാണെങ്കിൽ വല്ലാത്ത ആളും

ബഹളവും. എന്തെന്നറിയാൻ പോയപ്പോഴാണ് ഈ ഫ്ലാറ്റും തറയും പൊളിക്കാൻ

പോകുകയാണെന്നും അവിടെ ഉള്ളവരൊക്കെ ഒഴിയണമെന്നും അറിഞ്ഞത്.

ഇനി എന്ത് ചെയ്യും!!! എവിടേക്ക് പോകും!!!

# PROUD TO BE AN INDIAN

*We know that India got freedom in 1947. We got freedom through lots of struggles and hard works, under the leadership of the great freedom fighter Mohan Das Karam Chand Gandhi. He had completed his higher education LLB, from South Africa. Then he worked for the black people who were suffering under the misrule of British. Later he came back to India for the upliftment of the Indian people from the misrule of British. With the help of other freedom fighters Gandhi got India free.*

*Now, most Indians are well educated and financially independent. Our India is a progressing nation. ISRO is an example for India's progress. The latest mission of ISRO was Chandrayaan 2.*

*India is progressing day by day.*

*So.............................. PROUD TO BE AN INDIAN*

# നിഴൽ പോലെ

പിറന്നു വീണതുമുതൽ നമ്മുടെ മുന്നിലും പിന്നിലുമായി എന്നും കൂടെയുണ്ടാകുന്ന നിഴലിനെ ആരും കാര്യമാക്കാറില്ല. നമ്മുക്കൊരു ബലം നൽക്കുന്ന നമ്മുടെ പ്രതിബിംബം ഒരു തരം ശക്തി തന്നെയാണ്. ഇന്ന് പലരുടെയും നിഴൽ അവരുടെ കൂട്ടുകാർ തന്നെയാണ്. മറ്റാരെയും പറയുന്നതിൽ പരം നാം നമ്മിൽ തന്നെ ചിന്തിക്കുമ്പോൾ അത് വ്യക്തമാകും. കൂടെ നിന്ന് കലപില കൂട്ടുന്ന കൂട്ടുകാർ കൂട്ടായ്മയെ കൂടുതൽ ഉത്സാഹത്തിലേക്ക് നയിക്കുന്നു. സന്തോഷങ്ങളും ആഗ്രഹങ്ങളും സ്വപ്നങ്ങളും നാം അവരിലേക്കും നൽകുന്നു. ശരീരത്തിലുടനീളം ഒഴുകുന്ന രക്തത്തിന്റെ വിലയ്ക്കപ്പുറം വരുന്ന സൃഹൃദ് ബന്ധങ്ങളും നമ്മുടെ ഇടയിലുണ്ട്.

എന്നാൽ ഒരു കൊച്ചുകുഞ്ഞിന്റെ ജനനം മുതൽ അവന് അല്ലെങ്കിൽ അവൾക്ക് അമ്മയാണ് പ്രധാനം. എന്തിനും ഏതിനും കൂടെനിന്ന് സുരക്ഷിതമായി നമ്മെ മുന്നോട്ട് നടത്തുന്നത് അമ്മ തന്നെയാണ്. അമ്മ എന്ന രണ്ടക്ഷരത്തിൽ ഒരു കുഞ്ഞിന്റെ ജീവിതം മുഴുവൻ നാം കാണുന്നു. ഭക്ഷണം കഴിപ്പിക്കുന്നതും, അമ്പിളിമാമനെ കാണിച്ചു തരുന്നതും, താരാട്ട് പാടിത്തരുന്നതും അമ്മ തന്നെ. ഇരുട്ടിനെ ഭയക്കുമ്പോഴും അമ്മ തന്നെയാണ് കൂടെ ഉണ്ടാകുക. ആ സ്നേഹത്തെ വെല്ലുവിളിച്ച് കേറിവരുന്ന ശക്തിയാണ് നമുക്ക് നമ്മുടെ സൗഹൃദം. എല്ലാ സന്ദർഭങ്ങളിലും കൂടെ ഉണ്ടാകുമെന്ന ഉറപ്പോടെ അവർ നമ്മിലേക്ക് കടന്നുവരും. പലതെറ്റുകളിലും ശരികളിലും എല്ലാം പിന്നെ അവർ ഒന്നിച്ചുതന്നെ യായിരിക്കും. ഇതിനിടെ പെട്ടെന്നുണ്ടാകുന്ന പിണക്കങ്ങളും തിരിച്ചടികളും അവരെ വല്ലാതെ വേദനിപ്പിക്കും. അത് പിന്നെ എന്തെന്നില്ലാത്ത ചിന്തകളിലേക്കും തെറ്റായ വഴിത്തിരിവിലേക്കും കൂട്ടികൊണ്ടു പോകുന്ന അവസ്ഥ ഇന്ന് നമ്മുടെ സമൂഹം കാണിച്ചുതരുന്നു. ഒരു സൗഹൃദ ബന്ധത്തിലും തെറ്റായ വഴികൾ ഇല്ലാതിരിക്കുമ്പോഴാണ് അവർ നേരായ കൂട്ടുകാരായി മാറുന്നത്. അത്തരം സൗഹൃദങ്ങളാകട്ടെ നമ്മുടേത്...............

*സ്നേഹത്തോടെ...*

# ഐ ടി പയ്യന്നൂർ ഉപജില്ലാ മേളയിലെ

# അഭിമാനഭാജനങ്ങൾ



**അക്ഷയ് വി**

**മലയാളം ടൈപ്പിംഗ് (യു.പി)**

**ഒന്നാം സ്ഥാനം**



**ശ്രീലേഷ് കെ**

**ഡിജിറ്റൽ പെയ്ന്റിംഗ് (യു.പി)**

**രണ്ടാം സ്ഥാനം**



**ഹരികൃഷ്ണൻ കെ വി**

**ഡിജിറ്റൽ പെയ്ന്റിംഗ് (എച്ച്. എസ്)**

**മൂന്നാം സ്ഥാനം**



# ജിമ്പിലൂടെ പ്രകൃതിയിലേക്ക്

## ഹരികൃഷ്ണൻ (9 എ)


# മഹത് വചനങ്ങൾ

# ഗാന്ധിജി



- ഏതു ജോലിയും വിശുദ്ധമാണ്.
- പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക.
- ഹിംസയിലൂടെ നേടുന്ന വിജയം വിജയമല്ല. അത് തോൽവിയാണ്. എന്തെന്നാൽ അത് വെറും നൈമിഷികം മാത്രം.
- എന്റെ ജീവിതമാണ് എന്റെ സന്ദേശം.
- പാപത്തെ വെറുക്കുക പാപിയെ സ്നേഹിക്കുക.
- കണ്ണിന് കണ്ണ് എന്നാണെങ്കിൽ ലോകം അന്ധതയിലാണ്ടു പോകും.
- കഠിനമായ ദാരിദ്ര്യത്താൽ വിശക്കുന്നവന്റെ മുന്നിലേക്ക് ദൈവത്തിന് റൊട്ടിയായിട്ടേ പ്രത്യക്ഷപ്പെടാനാവൂ.
- ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ്.
- ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ.
- സത്യം ആണ് എന്റെ ദൈവം. ഞാൻ ആദൈവത്തെ കണ്ടെത്തിയിട്ടില്ല. എന്നാൽ ഞാൻ അന്വേഷിച്ചുകൊണ്ടേയിരിക്കുന്നു.
- കോപം അഗ്നിപോലെയാണ്. നാശം ഉണ്ടാക്കിയേ അത് അടങ്ങൂ.
- നിർമ്മലമായ സ്നേഹത്താൽ നേടാനാവാത്തതായി ഒന്നുമില്ല.

# ഡോക്ടർ എ.പി.ജെ.അബ്ദുൽ കലാം



- “നിങ്ങളുടെ സ്വപ്നം സഫലമാകുന്നതിന് മുമ്പ് നിങ്ങൾക്ക് സ്വപ്നമുണ്ടായിരിക്കണം”
- “നിങ്ങളുക്ക് സൂര്യനെപ്പോലെ തിളങ്ങണമെങ്കിൽ ആദ്യം സൂര്യനെപ്പോലെ എരിയണം”
- “വലിയ സ്വപ്നം കാണുന്നവരുടെ വലിയ സ്വപ്നങ്ങൾ എപ്പോഴും വിശിഷ്ടമാകുന്നു”
- “നിങ്ങളുടെ പങ്കില്ലാതെ നിങ്ങൾക്ക് വിജയിക്കാനാവില്ല; നിങ്ങളുടെ പങ്കോടുകൂടി നിങ്ങൾക്ക് തോൽക്കാനുമാവില്ല”
- “നിങ്ങൾക്ക് നിങ്ങളുടെ ഭാവി മാറ്റാൻ സാധിക്കുകയില്ല, എന്നാൽ നിങ്ങളുടെ ശീലങ്ങൾ മാറ്റാൻ സാധിക്കും. നിങ്ങളുടെ ശീലങ്ങൾ തീർച്ചയായും നിങ്ങളുടെ ഭാവി മാറ്റാം”
- “കഷ്ടപ്പാടുകളും ദുരന്തങ്ങളും ഉണ്ടാകുമ്പോൾ മുന്നിൽ നിന്ന് പ്രവർത്തിക്കുന്നയാളാണ് യഥാർത്ഥ നേതാവ്”
- “വികാരപരമായി കറുപ്പ് ഒരു മോശം നിറമാണ്, എന്നാൽ ഓരോ ബ്ലാക്ക് ബോർഡുകളുമാണ് വിദ്യാർത്ഥികളുടെ ജീവിതം ശോഭനമാക്കുന്നത്.”
- “ഒരു രാജ്യം അഴിമതി രഹിതമാകണമെങ്കിൽ, മനോഹരമായ മനസ്സുകളുള്ളവരുടെതാകണമെങ്കിൽ - ഞാൻ കരുതുന്ന സമൂഹത്തിലെ മൂന്ന് പ്രധാന അംഗങ്ങൾക്ക് അതിന് കഴിയും. മാതാ,പിതാ,ഗുരു.”

# അദ്ധ്യാപകരുടെ

# സൃഷ്ടികൾ

# ചുമർ ചിത്രങ്ങൾ



ക്ഷേത്രങ്ങളും, പള്ളികളും, പഴയ രാജമന്ദിരങ്ങളും മോടിയാക്കുന്നതിന് അവയുടെ ചുമരുകളിൽ വരച്ചിട്ടുള്ള ചിത്രങ്ങളെയാണ് പൊതുവെ ചുമർചിത്രങ്ങൾ എന്ന് പറയുന്നത്.

മ്യൂറൽ, ഫ്രസ്കോ എന്നിങ്ങനെ രണ്ടുതരത്തിലുള്ള ചിത്രങ്ങളുണ്ട്. ചുമരിന്മേൽ തേക്കുന്ന പശ ഉണങ്ങുന്നതിനുമുൻപേ അവയിൽ ചിത്രം രചിക്കുന്നതിനെ ഫ്രസ്കോ എന്നും പശ ഉണങ്ങിയതിനു ശേഷം ചിത്രം രചിച്ചാൽ അത്തരം ചിത്രങ്ങളെ മ്യൂറൽ എന്നും വിളിക്കുന്നു.

## കേരളത്തിലെ ചുമർചിത്രങ്ങൾ


കേരളത്തിലെ ചുമർചിത്രകലാപാരമ്പര്യത്തിന് ഏകദേശം പത്തു നൂറ്റാണ്ടോളം പഴക്കമുണ്ട്. ആയ് ഭരണകാലത്ത് രചിക്കപ്പെട്ടതെന്നു കരുതുന്ന, കന്യാകുമാരി ജില്ലയിലെ തിരുനന്ദിക്കരയിലുള്ള ഗുഹാക്ഷേത്രത്തിലെ മച്ചിലുള്ള ചിത്രങ്ങളാണ് പഴക്കമേറിയത്. ഗുഹാക്ഷേത്രങ്ങളല്ലാതെ ക്ഷേത്രങ്ങൾ കെട്ടിയുണ്ടാക്കാൻ തുടങ്ങിയ (സുഘടിതക്ഷേത്രങ്ങൾ) എട്ട്-ഒൻപത് നൂറ്റാണ്ടുകളിലാണ് ചവർച്ചിത്രകലയ്ക്ക് പ്രാധാന്യം ലഭിച്ചു തുടങ്ങിയത്. അതിനുമുൻപ്, കളമെഴുത്ത് എന്ന ചിത്രകലാ സമ്പ്രദായത്തിനായിരുന്നു കേരളത്തിൽ പ്രാധന്യം. കളമെഴുത്തിലെ രചനാശൈലി തിരുന്ദിക്കരയിലേയും പാർത്ഥിവപുരത്തേയും ചിതറാലിലേയും ചിത്രങ്ങളിൽ കാണുന്നു. പതിനഞ്ചു മുതൽ പത്തൊൻപതുവരെ നൂറ്റാണ്ടുകളിൽ രചിക്കപ്പെട്ട ചിത്രങ്ങളാണ് കേരളത്തിൽ അധികവും കാണുന്നത് ഈ കാലത്തു രചിച്ച ചിത്രങ്ങളാണ് ഭംഗിയും ആകർഷണീയതയും കൂടുതലുള്ളത്. പോർച്ചുഗിസുക്കാരുടേയും ലന്തകളുടേയും ആക്രമണാധിപത്യങ്ങൾ കൊണ്ട് ശിഥിലമായ രാഷ്ട്രീയ-സാംസ്കാരികാന്തരീക്ഷത്തിൽ ഉണ്ടായ രണ്ടാം ഭക്തിപ്രസ്ഥാനം ഈ കാലഘട്ടങ്ങളിലെ ചുവർചിത്രശൈലിയെ സ്വാധീനിച്ചിട്ടുണ്ട്.


# മ്യൂറലിലെ വർണ്ണ വിസ്മയം






# ജീവനുള്ള ബിന്ദുക്കൾ










# 'Knife Paintings Nice Paintings'



# നാം മുന്നോട്ട്



# വലയ സൂര്യഗ്രഹണം

# ഒരു നിരീക്ഷണം








# ചരട്കുത്തി കോൽക്കളി
# ഗിന്നസ് റെക്കോർഡിലേക്ക്





# ഡിജിറ്റൽ പൂക്കളങ്ങൾ





* ശുഭം *